പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1575 — 03/10/2011 - ൽ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥരുടെ അനധികൃത സമ്പാദ്യം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|---|
| (എ) പോലീസ് ഉദ്യോഗസ്ഥർ പ്രതിയാകുന്ന ക്രിമിനൽ കേസുകൾ പ്രത്യേക കുറ്റകൃത്യമായി പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ബി) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള മണിചെയിൻ, ആർ എം.ബി തുടങ്ങിയ കേസുകളും പ്രത്യേക ക്രിമിനൽ കേസുകളായി പരിഗണിക്കുമോ ; | (എ) & (ബി) | വ്യക്തിപരമായ കാരണങ്ങളാലോ ഔദ്യോഗികപദവി ദുരുപയോഗം ചെയ്യുന്നതിനാലോ, തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം അറിഞ്ഞോ അറിയാതെയോ ലംഘിക്കുന്നതുമൂലമോ പോലീസുദ്യോഗസ്ഥർ ക്രിമിനൽകേസുകളിൽ ഉൾപ്പെടുന്നത് ഗൗരവപരമായി കണ്ടുകൊണ്ട് അത്തരം പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും മേലിൽ ഇത്തരം സംഭവങ്ങൾ പോലീസ് സേനയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) സംസ്ഥാനത്ത് പ്രസ്തുത കേസുകളിൽ ഭാഗഭാക്കായ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;<br>(ഡി) ഇവരുടെ അവിഹിത സ്വത്തു സമ്പാദനംപരിശോധിച്ചിട്ടുണ്ടോ ;<br>(ഇ) ഇത്തരക്കാർ അനധികൃതമായി | (സി), (ഡി) & (ഇ) | മണിചെയിൻ മാതൃകയിലുള്ള ആർ.എം.ബിപോലുള്ള ശൃംഖലകളിൽ പ്രവർത്തിച്ചതായി 11 പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരം ഇതുവരെ ലഭിച്ചിട്ടുണ്ട്. സ്വത്ത് സമ്പാദനം ഉൾപ്പെടെയുള്ളവ അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

| | |
|---|---|
| സമ്പാദിച്ചിട്ടുള്ള സ്വത്ത് കണ്ടുകെട്ടുവാൻ നടപടി സ്വീകരിക്കുമോ ? | അന്വേഷണം തുടർന്ന് വരികയാണ്.അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ ഏതു രീതിയിൽ വേണമെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ അന്വേഷണം നേരിടുന്നവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

പ്രതിപ്പട്ടിക

1. കെ.ടി. ഗോപിനാഥൻ നായർ, എ.പി.എസ്.ഐ. കെ.എ.പി I

2. സന്തോഷ് കുമാർ, HC 4469, ആലപ്പുഴ (സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

3. സുരേഷ് HC 4891,ആലപ്പുഴ(സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

4. ശ്യാംരാജ്, PC 4937, ആലപ്പുഴ (സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

5. ബെന്നി, PC 4799, ആലപ്പുഴ(സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട് )

6. നജീബ്ഖാൻ , CPO N 1641, ( പത്തനംതിട്ട )

7. ഉണ്ണി, CPO N 1872 ( പത്തനംതിട്ട)

8. നൗഷാദ്, CPO N 1871 ( പത്തനംതിട്ട)

09. പി.ഐ.ഫ്രാൻസിസ് SCPO N 1802 ( പത്തനംതിട്ട)

10. വിജയമോഹനൻ,ASI ( പത്തനംതിട്ട)

11. സുനിൽ കുമാർ, CPO N 2104 ( പത്തനംതിട്ട)

സെക്ഷൻ ഓഫീസർ